"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.4/DC1/2021/തസ്വഭവ
തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 11/10/2021

## സർക്കുലർ

വിഷയം:- പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ (MCF,RRF) തീപിടുത്തം ഉൾപ്പെടെയുള്ള അപകടങ്ങൾ ഒഴിവാക്കുന്നത് - സംബന്ധിച്ച്

സൂചന:- 16.01.2021-ലെ സ.ഉ (സാധാ) നം 113/2021/തസ്വഭവ നമ്പർ ഉത്തരവ്

************************

പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ (MCF,RRF) തീപിടുത്തം ഉൾപ്പെടെയുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകളും സുരക്ഷാക്രമീകരണങ്ങളും സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ സൂചനയിലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത മാർഗ്ഗനിർദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെടാത്ത സാഹചര്യത്തിൽ പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ (MCF,RRF) തീപിടുത്തം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സൂചന ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദേശങ്ങളിലെ വ്യവസ്ഥകൾ കർശനമായും നടപ്പിലാക്കിയിട്ടുണ്ട് എന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കുന്നതോടൊപ്പം താഴെ പറയുന്ന നടപടികൾ കൂടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്

1. പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളുടെ (MCF,RRF) പ്രവർത്തനത്തിനു കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് ഡിപ്പാർട്മെന്റിന്റെ NOC അത്യന്താപേക്ഷിതമാണ്. പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളുടെ (MCF,RRF) പ്രവർത്തനത്തിനു ഇതുവരെയും പ്രസ്തുത NOC ലഭ്യമായിട്ടില്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്
2. പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ (MCF,RRF) തീപിടുത്തം ഒഴിവാക്കുന്നതിന് ഇത്തരം കേന്ദ്രങ്ങളിലെ വൈദ്യുത സംവിധാനങ്ങൾ കുറ്റമറ്റതാണ് എന്ന് ഉറപ്പാക്കേണ്ടതുണ്ട്. ആയതിനായി ഇത് സംബന്ധിച്ച പരിശോധന ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന നടത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രണ്ടാഴ്ചയ്ക്കുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

**ആർ .എസ് .കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
ഡയറക്ടർ ജനറൽ, കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഡിപ്പാർട്ട്മെൻറ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അകൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അകൗണ്ടന്റ് ജനറൽ (G&SSA,E&RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ ഐ&പി ആർ ഡി ,വെബ്&ന്യൂ മീഡിയ
കരുതൽ ഫയൽ

പകർപ്പ്
ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 11-10-2021 12:40:22
Reason: Approved

സെക്ഷൻ ഓഫീസർ.